©
**കേരള സർക്കാർ**
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | **2026 ജനുവരി 03**<br>03rd January 2026<br>**1201 ധനു 19**<br>19th Dhanu 1201<br>**1947 പൌഷം 13**<br>13th Pousha 1947 | **നമ്പർ**<br>No. | **30** |

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 101/2025/തൊഴിൽ *തിരുവനന്തപുരം,* *2025 നവംബർ 6*

*1201 തുലാം 20*

**എസ്. ആർ. ഒ. നമ്പർ 9/2026**

1969-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1969-ലെ 22) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 1969-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പദ്ധതി വീണ്ടും ഭേദഗതി ചെയ്യുന്നതിനായി കേരള സർക്കാർ, ഇതിനാൽ താഴെപ്പറയും പ്രകാരം പദ്ധതി ഉണ്ടാക്കുന്നു, അതായത് :-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പദ്ധതി**

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.- (1) ഈ പദ്ധതിയ്ക്ക് 2025-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>പദ്ധതിയുടെ ഭേദഗതി</u>.- 1969-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ,-

(1) 33(എ) -ാം ഖണ്ഡികയിൽ,

(i) നിലവിലെ വ്യവസ്ഥയ്ക്ക് മുമ്പായി "(1)" എന്ന ബ്രാക്കറ്റും അക്കവും ചേർക്കേണ്ടതാണ്;

(ii) അപ്രകാരം അക്കമിട്ട (1)-ാം ഉപഖണ്ഡികയ്ക്ക് ശേഷം താഴെ പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:-

"(2) (1) -ാം ഉപഖണ്ഡിക പ്രകാരമല്ലാതെ സൂപ്പർ ആനുവേഷൻ മുൻപ് സ്വയം പിരിയുകയോ അല്ലെങ്കിൽ മറ്റുകാരണങ്ങളാൽ സേവനത്തിൽനിന്നും വിരമിക്കുകയോ ചെയ്ത 55 വയസ്സിൽ താഴെ പ്രായമുള്ള ചെത്ത് തൊഴിലാളിക്ക്, അദ്ദേഹം തൊഴിലിൽ പുന:പ്രവേശനം ആഗ്രഹിക്കുന്നപക്ഷം, ചെത്തുതൊഴിലാളിയായി പുന:പ്രവേശനം നൽകി രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണ്:

എന്നാൽ, ഒരു തൊഴിലാളിയ്ക്ക് അപ്രകാരമുള്ള പുന:പ്രവേശനം സർവീസിൽ ഒരു തവണ മാത്രമേ അനുവദിയ്ക്കുവാൻ പാടുള്ളു.”

(2) 60-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിലെ (ഇ) ഇനത്തിൽ ഖണ്ഡികയിലെ "മറ്റ് ഏതെങ്കിലും നിയമപ്രകാരം” എന്ന വാക്കുകൾക്ക് പകരം "മറ്റേതെങ്കിലും നിയമപ്രകാരമോ അല്ലെങ്കിൽ രോഗം മൂലമല്ലാതെ സ്വയം പിരിയുകയോ അല്ലെങ്കിൽ മറ്റു കാരണങ്ങളാലോ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
അനുപമ ടി വി
*സ്പെഷ്യൽ സെക്രട്ടറി.*

വിശദീകരണകുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

പരമ്പരാഗത തൊഴിലായ ചെത്ത് തൊഴിലിലേയ്ക്ക് കടന്ന് വരുന്നതിന് യുവതലമുറയ്ക്ക് താല്പര്യം ഇല്ലാത്തതു മൂലം ചെത്ത് തൊഴിൽ മേഖല പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന സമയമായതിനാൽ കള്ള് വ്യവസായം നിലനിന്ന് പോകുന്നതിന് ചെത്ത് തൊഴിലിലേയ്ക്ക് ആളുകളെ ആകർഷിക്കേണ്ടതുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയതിനാൽ, ചെത്തുതൊഴിലിൽ നിന്നും സ്വയമോ മറ്റ് കാരണങ്ങളാലോ പിരിഞ്ഞുപോയ തൊഴിലാളികളെ തൊഴിലിൽ പുന:പ്രവേശിപ്പിക്കുന്നതിനായി 1969-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അനുയോജ്യമായ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

G.O (P) No.101/2025/LBRD. *Dated, Thiruvananthapuram, 6th November, 2025*

*20th Thulam 1201*

**S. R. O. No. 9/2026**

In exercise of the powers conferred by sub-section (1) of section 5 of the Kerala Toddy Workers' Welfare Fund Act, 1969 ( 22 of 1969), the Government of Kerala, hereby make the following scheme further to amend the Kerala Toddy Workers' Welfare Fund Scheme,1969, namely:-

SCHEME

1. Short title and commencement.- (1) This scheme may be called the Kerala Toddy Workers' Welfare Fund (Amendment) Scheme, 2025.

(2) It shall come into force at once.

2. Amendment of Scheme.- In the Kerala Toddy Workers' Welfare Fund Scheme, 1969,-

(1) in paragraph 33A,-

(i) before the existing provision the bracket and figure "(1)" Shall be inserted;

(ii) after sub-paragraph (1) so numbered, the following sub-paragraph shall be added, namely:-

"(2) Except as provided in sub-paragraph (1), a member below the age of 55 years leaves from the employment voluntary or relieves for other reasons before superannuation, if he desires re-entry in the employment, may be allowed re-entry as a member and grant registration:

Provided that such re-entry of a member shall be allowed only once in the service."

(2) in item (E) of paragraph (1) of paragraph 60, after the words, "any other law" the words "or voluntary leaves or for other reasons, other than illness" shall be inserted.

By order of the Governor,

ANUPAMA T V

*Special Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

As the toddy tapping sector is facing crisis due to the lack of interest of the young generation to enter the traditional toddy tapping, in order to sustain the toddy industry, it is necessary to attract people to the toddy tapping. Hence, the Government have decided to make suitable amendment in the Kerala Toddy Workers' Welfare Fund Scheme, 1969, for readmitting the employee who have left toddy tapping voluntarily or by other reasons.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.03 08:28:53 +05:30